9478
24/12/13

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 27th April 2013<br>2013 ഏപ്രിൽ 27<br>7th Vaisakha 1935<br>1935 വൈശാഖം 7 | No.<br>നമ്പർ | 1190 |

## നഗരകാര്യ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം

### വിജ്ഞാപനം

ഉത്തരവ് നമ്പർ ജി 3.11252/2012. *തിരുവനന്തപുരം, 2013 ഏപ്രിൽ 27.*

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് (2012-ലെ 18) 3-ാം വകുപ്പ്, 2013 ഏപ്രിൽ 20-ാം തീയതിയിലെ സ.ഉ.(പി)14/2013/പി&എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 20-ാം തീയതിയിലെ 1125-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ എസ്.ആർ.ഒ. 325/2013 ചേർത്ത് വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന മേഖലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ, കേരളത്തിലെ 60 മുനിസിപ്പാലിറ്റികൾ, 5 മുനിസിപ്പൽ കോർപ്പറേഷനുകൾ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ & കോഴിക്കോട്) എന്നിവിടങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സി. രാധാകൃഷ്ണകുറുപ്പ്,
*ജോയിന്റ് ഡയറക്ടർ (ഭരണം),*
*നഗരകാര്യ ഡയറക്ടർ (ഇൻചാർജ്ജ്).*

33/1975/2013/DTP.

## 2012-ലെ സേവനാവകാശ നിയമപ്രകാരം നഗരകാര്യ വകുപ്പിന്റെ അധികാരപരിധിയിലുള്ള കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ വിശദവിവരം ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു

| *ക്രമ നമ്പർ* | *സേവനങ്ങൾ* | *സമയ പരിധി* | *സേവനങ്ങൾക്കായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ* | *നിയുക്ത ഉദ്യോഗസ്ഥൻ* | *1-ാം അപ്പീൽ അധികാരി* | *2-ാം അപ്പീൽ അധികാരി* |
|---|---|---|---|---|---|---|
| 1 | ആർക്കിടെക്റ്റ്-എ കെട്ടിട ഡിസൈനർ എഞ്ചിനീയർഎ&ബി ടൗൺപ്ലാനർഎ&ബി സൂപ്പർവൈസർ എ&ബി രജിസ്ട്രേഷൻ | ഇന്റർവ്യൂ കഴിഞ്ഞ് 45 ദിവസത്തിനുള്ളിൽ നിശ്ചിത ഫീസ് ഒടുക്കുന്നതിൻമേൽ | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 150 അനുബന്ധം കെ-യിലെ അപേക്ഷ (കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചത്) യോടൊപ്പം ചട്ടം 151-ലെ അനുബന്ധം എൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ | ബന്ധപ്പെട്ട മേഖലാ ജോയിന്റ് ഡയറക്ടർമാർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 2 | ലൈസൻസ് പുതുക്കൽ | 15 ദിവസം | നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | | | |
| 3 | ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് | 15 ദിവസം | കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയോടൊപ്പം നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യാവാങ്മൂലം | | | |

## മുനിസിപ്പൽ കോർപ്പറേഷനുകൾ

| ക്രമ നമ്പർ | സേവനങ്ങൾ | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | 1-ാം അപ്പീൽ അധികാരി | 2-ാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ജനനമരണ-നിർജ്ജീവ ജനന രജിസ്ട്രേഷൻ | ഹോസ്പിറ്റൽ കിയോസ്ക് വഴിയുള്ളത്—1 ദിവസം മറ്റുള്ളവ—5 ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |
| 2 | ദത്തെടുത്ത് രജിസ്റ്റർ ചെയ്ത കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |
| 3 | ജനന-മരണ രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ | 15 പ്രവൃത്തി ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |
| 4 | ജനന-മരണ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിന് | 15 പ്രവൃത്തി ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |
| 5 | ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ | 1. ഓൺലൈൻ— 3 പ്രവൃത്തി ദിവസം 2. ഓഫ്ലൈൻ— 7 പ്രവൃത്തി ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | സബ് രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി |
| 7 | പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തൽ | 10 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/റവന്യൂ ഓഫീസർ/സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 8 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 10 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/റവന്യൂ ഓഫീസർ/സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 9 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്/ കൈവശാവകാശ സർട്ടിഫിക്കറ്റ് (ഒക്കുപ്പൻസി) | 5 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/റവന്യൂ ഓഫീസർ/സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 10 | ജമമാറ്റം | 15 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/റവന്യൂ ഓഫീസർ/സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 11 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/റവന്യൂ ഓഫീസർ/സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് (കോമ്പൗണ്ട് വാൾ, കിണർ, ടെലികോം ടവർ എന്നിവയ്ക്കും ബാധകം) | 30 പ്രവൃത്തി ദിവസം | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ/സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 13 | വിവാഹ രജിസ്ട്രേഷനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകലും | | | | |
| | (1) ഹിന്ദു വിവാഹ രജിസ്ട്രേഷൻ ആക്ട് പ്രകാരം | 7 പ്രവൃത്തി ദിവസം | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| | (2) പൊതുചട്ടങ്ങൾ പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ | | | | |
| | (1) രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| | (2) രജിസ്ട്രേഷൻ പുതുക്കൽ | 7 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 15 | ആംബുലൻസ് സേവനം | തൽസമയം (അപേക്ഷ യിന്മേൽ/ടെലിഫോൺ മുഖേന) | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 16 | സിനിമാ തിയേറ്റർ ലൈസൻസ് | 60 പ്രവൃത്തി ദിവസം | ഹെൽത്ത് ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 17 | സിനിമാ തിയേറ്റർ ലൈസൻസ് പുതുക്കൽ | 30 പ്രവൃത്തി ദിവസം | ഹെൽത്ത് ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 18 | അഗതി പെൻഷൻ (വിവാഹമോചിതർക്കും വിധവകൾക്കും) | 60 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/സൂപ്രണ്ട്/ റവന്യൂ ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 19 | വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷ യിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 60 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/സൂപ്രണ്ട്/ റവന്യൂ ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 20 | വികലാംഗ/കർഷക തൊഴിലാളി പെൻഷൻ/ 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കായുള്ള പെൻഷൻ/തൊഴിൽ രഹിതവേതനം | 60 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/സൂപ്രണ്ട്/ റവന്യൂ ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 21 | വിധവകളുടെ പെൺ മക്കൾക്ക് വിവാഹ ധന സഹായത്തിനുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 7 പ്രവൃത്തി ദിവസം | അസിസ്റ്റന്റ് റവന്യൂ ഓഫീസർ/സൂപ്രണ്ട്/ റവന്യൂ ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 22 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 23 | വ്യാപാരസ്ഥാപനങ്ങൾക്കുള്ള ഡി&ഒ ലൈസൻസ് നൽകലും പുതുക്കലും | 30 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 24 | ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടുന്ന ഫാക്ടറിയോ, വർക്ക് ഷോപ്പോ, ജോലിസ്ഥലമോ നിർമ്മിക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉള്ള അനുവാദം നൽകൽ | 45 പ്രവൃത്തി ദിവസം | ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

കുറിപ്പുകൾ:

1. ഓരോ സേവനവും ലഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം സമ്പൂർണ്ണമായ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലാണ് നിശ്ചിത സമയപരിധി കണക്കാക്കുക.
2. ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ/ഫീസ് എന്നിവ ബന്ധപ്പെട്ട നഗരസഭയുടെ പൗരാവകാശ രേഖയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.
3. നിയുക്ത ഉദ്യോഗസ്ഥൻ എന്നത് ഓരോ നഗരസഭയിലെയും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 4-ാം കോളത്തിൽ പ്രസ്താവിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്.

## മുനിസിപ്പാലിറ്റികൾ

| ക്രമ നമ്പർ | സേവനങ്ങൾ | സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ | 1-ാം അപ്പീൽ അധികാരി | 2-ാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ജനനമരണ-നിർജ്ജീവ ജനന രജിസ്ട്രേഷൻ | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 2 | ദത്തെടുത്ത് രജിസ്റ്റർ ചെയ്ത കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 3 | ജനന-മരണ രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 4 | ജനന-മരണ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിന് | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ ആയി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 5 | ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ | 1. ഓൺലൈൻ—3 പ്രവൃത്തി ദിവസം<br>2. ഓഫ് ലൈൻ—7 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 6 | ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 7 | പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തൽ | 10 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 8 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 10 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 9 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്/ കൈവശാവകാശ സർട്ടിഫിക്കറ്റ് (ഒക്കുപ്പൻസ്) | 5 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 10 | ജമമാറ്റം | 15 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 11 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | റവന്യൂ ഓഫീസർ/ സൂപ്രണ്ട് | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് (കോമ്പൗണ്ട് വാൾ, കിണർ, ടെലികോം ടവർ എന്നിവയ്ക്കും ബാധകം) | 30 പ്രവൃത്തി ദിവസം | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 13 | വിവാഹ രജിസ്ട്രേഷനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകലും | | | | |
| | 1. ഹിന്ദു വിവാഹ രജിസ്ട്രേഷൻ ആക്ട് പ്രകാരം | 10 പ്രവൃത്തി ദിവസം | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| | 2. പൊതുചട്ടങ്ങൾ പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 10 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ | | | | |
| | 1. രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| | 2. രജിസ്ട്രേഷൻ പുതുക്കൽ | 7 പ്രവൃത്തി ദിവസം | | | |
| 15 | ആംബുലൻസ് സേവനം | തൽസമയം (അപേക്ഷയിന്മേൽ/ടെലിഫോൺ മുഖേന) | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 16 | സിനിമാ തിയേറ്റർ ലൈസൻസ് | 60 പ്രവൃത്തി ദിവസം | ഹെൽത്ത് ഓഫീസർ/ റവന്യൂ ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 17 | സിനിമാ തിയേറ്റർ ലൈസൻസ് പുതുക്കൽ | 30 പ്രവൃത്തി ദിവസം | ഹെൽത്ത് ഓഫീസർ/ റവന്യൂ ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 18 | അഗതി പെൻഷൻ (വിവാഹമോചിതർക്കും വിധവകൾക്കും) | 60 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ/ റവന്യൂ ഇൻസ്പെക്ടർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 19 | വാർദ്ധക്യ കാല പെൻഷനുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 60 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ/ റവന്യൂ ഇൻസ്പെക്ടർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 20 | വികലാംഗ/കർഷക തൊഴിലാളി പെൻഷൻ/ 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കായുള്ള പെൻഷൻ/തൊഴിൽരഹിത വേതനം | 60 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ/ റവന്യൂ ഇൻസ്പെക്ടർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 21 | വിധവകളുടെ പെൺ മക്കൾക്ക് വിവാഹ ധന സഹായത്തിനുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 7 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർവൈസർ/ റവന്യൂ ഇൻസ്പെക്ടർ | നഗരസഭാ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ |
| 22 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |
| 23 | വ്യാപാരസ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് നൽകലും പുതുക്കലും | 30 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻപെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ | ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 24 | ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടുന്ന ഫാക്ടറിയോ, വർക്ക് ഷോപ്പോ, ജോലിസ്ഥലമോ നിർമ്മിക്കുന്നതിനോ സ്ഥാപിക്കുന്നതിനോ ഉള്ള അനുവാദം നൽകൽ | 45 പ്രവൃത്തി ദിവസം | ഹെൽത്ത് ഇൻപെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഓഫീസർ/ സെക്രട്ടറി | മേഖലാ ജോയിന്റ് ഡയറക്ടർ . | ഡയറക്ടർ |

കുറിപ്പുകൾ

1. ഓരോ സേവനവും ലഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമായ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലാണ് നിശ്ചിത സമയപരിധി കണക്കാക്കുക.
2. ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ/ഫീസ് എന്നിവ ബന്ധപ്പെട്ട നഗരസഭയുടെ പൗരാവകാശ രേഖയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.
3. നിയുക്ത ഉദ്യോഗസ്ഥൻ എന്നത് ഓരോ നഗരസഭയിലെയും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 4-ാം കോളത്തിൽ പ്രസ്താവിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്.

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിന്റെ 3-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് മേധാവിയും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. എന്നാൽ 2013 ഏപ്രിൽ 20-ാം തീയതിയിലെ 1125-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2013 ഏപ്രിൽ 20-ാം തീയതിയിലെ എസ്. ആർ. ഒ. 325/2013-ാം നമ്പർ വിജ്ഞാപന പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രത്യേകം പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടായതിനാൽ ഇത് പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വകുപ്പു മേധാവികൾ തന്നെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് 2012-ലെ സേവനാവകാശ നിയമത്തിന്റെ 3-ാം വകുപ്പിനു ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നഗരസഭകൾ മുനിസിപ്പൽ കോർപ്പറേഷനുകൾ നഗരകാര്യ വകുപ്പിന്റെ മേഖലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ എന്നിവ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, നിയുക്ത അധികാരി, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്യുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.